# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.447

## 24-01-2018 ൽ മറുപടിക്ക്

## കിഫ്ബി നിക്ഷേപം

| ചോദ്യം<br>ശ്രീ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഫ്ബിയിലേയ്ക്കുള്ള നിക്ഷേപം എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബിയിലേക്കുള്ള ധന സമാഹരണ മാർഗ്ഗങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.<br>ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേക്ക്<br>(എ) ബോർഡിന് കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്.<br>(ബി) ബോർഡിന് അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ അല്ലെങ്കിൽ യുക്തമായ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും ക്രമീകരിക്കപ്പെട്ട തിരിച്ചടവ് സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ മറ്റ് ഏതെങ്കിലും ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടിലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ ഫണ്ടുകൾ സ്വരൂപിക്കാവുന്നതുമാണ്.<br>(സി) ബോർഡിന് ഒരു പ്രോജക്ടിനു വേണ്ടിയോ ഒരു കൂട്ടം പ്രോജക്ടുകൾക്കു വേണ്ടിയോ ഉള്ള വിഭവസമാഹരണം സുഗമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു സ്പോൺസറായി |

പ്രവർത്തിക്കാവുന്നതാണ്. ഇതിലേക്കായി അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനത്തിൽ ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്), ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), മ്യൂച്ചൽ ഫണ്ടുകൾ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഐ.ഡി.എഫ്) എന്നിവ ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു.

(ഡി) ബോർഡ് ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ധനപരമായ പ്രമാണങ്ങളും സെക്യൂരിറ്റികളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ വിട്ടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

(ഇ) ആന്വിറ്റി നൽകുന്നതിനോ മേൽ സൂചിപ്പിച്ച പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാദ്ധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ സമയാസമയങ്ങളിൽ വാർഷിക ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

എന്നാൽ സർക്കാർ മുൻ വർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്കുള്ള വിഹിതമായി നീക്കിവക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യ വർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും ഇത് ഓരോ വർഷവും വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപതു ശതമാനം വരെ വർദ്ധിപ്പിക്കുന്നതുമാണ്.

എന്നുമാത്രമല്ല, അതിനുപുറമെ ഓരോ ലിറ്റർ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലും ചുമത്തപ്പെട്ടുകൊണ്ടിരിക്കുന്ന സെസ്സ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ സർക്കാർ കിഫ്ബിയിലേക്ക് നൽകേണ്ടതാണ്. തുടർന്നു വരുന്ന പന്ത്രണ്ടു മാസങ്ങളിൽ ആവശ്യമായ തുകയുടെ കൈമാറ്റം ഒന്നോ അതിലധികമോ തവണകളായി പ്രസ്തുത വർഷത്തിലെ ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിനു മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

| | |
|---|---|
| | (എഫ്) സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമം മൂലം യഥാവിധിയുള്ള ധനവിനിയോഗം വഴി ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.<br>(ജി) ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും<br>(എച്ച്)ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽകൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വകകൊള്ളിക്കേണ്ടതാണ്. |
| (ബി) ഇത്തരത്തിൽ ഫണ്ട് ശേഖരണത്തിന് കെ.എസ്.എഫ്.ഇ ലിമിറ്റഡ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;<br>(സി) നാളിതുവരെയായി എത്ര നിക്ഷേപം ഇതുവഴി വന്നിട്ടുണ്ട്; | 2017-18 ലെ ബഡ്ജറ്റ് പ്രസംഗ പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന 10,000 കോടി രൂപയുടെ മലയോര തീരദേശ ഹൈവേ ഉൾപ്പെടെ വിവധ പദ്ധതികൾക്കാവശ്യമായ തുക കെ.എസ്.എഫ്.ഇ ആരംഭിക്കാനിരിക്കുന്ന പ്രവാസി ചിട്ടിയിലൂടെ സമാഹരിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള രൂപരേഖ പൂർണ്ണമാക്കുന്നതിനുള്ള അന്തിമഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) കിഫ്ബിയിലേയ്ക്ക് ധനസമാഹരണത്തിനു വേണ്ടി കുറച്ചുകൂടി പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസമാഹരണത്തിനായി സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് ഭേദഗതി ചെയ്ത് നിലവിൽ വന്നിട്ടുണ്ട്. ടി മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് ആവശ്യമായ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ധന സമാഹരണ മാർഗ്ഗങ്ങൾ ഫലപ്രദവും പ്രായോഗികവുമാണ്. |

സെക്ഷൻ ഓഫീസർ